**പതിമൂന്നാം കേരളനിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2000 — 17.03.2015 ന് മറുപടിയ്ക്ക്.

**ഇക്കോടൂറിസം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഇക്കോടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) അമൂല്യങ്ങളായ വനങ്ങളുടെ അപൂർവ്വതകൾ ജനങ്ങൾ അടുത്തറിയാനും, അതുവഴി പരിസ്ഥിതി വിദ്യാഭ്യാസത്തിനും, വനാശ്രിത ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും, ബന്ധപ്പെട്ട വനപ്രദേശങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുവാനും ലക്ഷ്യമിട്ട് നടപ്പാക്കുന്നതാണ് ഇക്കോ ടൂറിസം പദ്ധതികൾ. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ എന്നിവ വഴിയാണ് കേരളത്തിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. വനത്തെ നേരിട്ടറിയാനും, പ്രകൃതിഭംഗി ആസ്വദിക്കാനും, പരിസ്ഥിതി ബോധവല്ക്കരണം നടപ്പിലാക്കാനും ലക്ഷ്യമിട്ടാണ് ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. പൊതു ജനങ്ങൾക്കും, വിദ്യാർത്ഥി സമൂഹത്തിനും ഇതുവഴി വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും കഴിയും. |
| (സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തെടെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) വനം വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചും , ഇക്കോടൂറിസം വകുപ്പിൽ നിന്നും കിട്ടുന്ന ധനസഹായം ഉപയോഗിച്ചും ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (ഡി) പദ്ധതിക്കായി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്? | (ഡി) പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിങ്ങനെ പ്രകൃതിരമണീയമായതും, പൊതുജനങ്ങൾ കാലാകാലങ്ങളായി സന്ദർശിച്ചുവരുന്നതുമായ പ്രദേശങ്ങളാണ് പ്രധാനമായും പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയായ വന സംരക്ഷണ സമിതികൾ/ ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് കേരളത്തിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ.